"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.150/2025/LSGD  തീയതി, തിരുവനന്തപുരം, 16-01-2025**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 02/07/2024 തീയതിയിലെ എ3/3267/2012/ട്രിഡ നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1883/2024/ത.സ്വ.ഭ.വ, തീയതി, 09/10/2024.
3. സ.ഉ.(സാധാ) നം. 8639/2024/ധന, തീയതി, 21/11/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 805/2-1-ൽപ്പെട്ട 0.87 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 11,976/- രൂപ (പതിനൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷികളായ ശ്രീ. കേശവൻ പോറ്റി, ശ്രീ. നാരായണൻ പോറ്റി, ശ്രീ. വേണുഗോപാലൻ പോറ്റി എന്നിവർക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ നിന്നും 12,000/- രൂപ (പന്ത്രണ്ടായിരം രൂപ മാത്രം) അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 805/2-1-ൽ ഉൾപ്പെട്ടതും ശ്രീ. കേശവൻ പോറ്റി, ശ്രീ. നാരായണൻ പോറ്റി, ശ്രീ. വേണുഗോപാലൻ പോറ്റി എന്നിവരുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.87 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 63/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 11,976/-

രൂപ (പതിനൊന്നായിരത്തി തൊള്ളായിരത്തി എഴുപത്തിയാറ് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീ. കേശവൻ പോറ്റി, ശ്രീ. നാരായണൻ പോറ്റി, ശ്രീ. വേണുഗോപാലൻ പോറ്റി എന്നിവർക്ക് റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം നിലവിലെ സാമ്പത്തിക വർഷം അവസാനിപ്പിക്കുന്നതിന് മുമ്പ് മേൽപ്പറഞ്ഞ അധികചെലവ് ക്രമപ്പെടുത്തുന്നതിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. കേശവൻ പോറ്റി, ശ്രീകാര്യത്തു മഠം, ശ്രീകണ്ഠേശ്വരം, ഫോർട്ട്, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ശ്രീ. നാരായണൻ പോറ്റി, കര്യാടത്ത് മഠം, നഗരൂർ പി.ഒ., കിളിമാനൂർ (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
ശ്രീ. വേണുഗോപാലൻ പോറ്റി, കര്യാടത്ത് മഠം, നഗരൂർ പി.ഒ., കിളിമാനൂർ (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന.
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/220/2024-Fin dated 28/11/2024).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/263/2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 16-01-2025 17:40:26
സെക്ഷൻ ഓഫീസർ